റിംഗ് കോളേജുകളും, എം.ബി.എ. കോഴ്സ് നടത്തുന്നതിനായി ഒരു കമ്മ്യൂണിറ്റി കോളേജും തുടങ്ങുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്.

(ബി) ഇല്ല.

113 (279) സഹകരണ മേഖലയിൽ ഗഹാൻ സമ്പ്രദായം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പാവിതരണം സുഗമമാക്കാൻ സഹകരണമേഖലയിൽ ഗഹാൻ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് നടപ്പിലാക്കുന്നതിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമ്പ്രദായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങൾ മുതൽ ജില്ലാ സഹകരണ ബാങ്കിന്റെ വരെ സഹായത്തോടെ കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കാൻ ഗഹാൻ സമ്പ്രദായത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന പണയാധാരത്തിലുള്ള എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്നതും, വായ്പക്കാരൻ രേഖാമൂലം എഴുതിക്കൊടുക്കുന്നതുമായ ഒരു സത്യവാങ്മൂലം (ഡിക്ളറേഷൻ) മുഖേന പണയവസ്തുവിൻമേൽ ഒരു സ്പെഷ്യൽ ചാർജ് ഉണ്ടാക്കി എടുക്കുന്ന സമ്പ്രദായമാണ് ഗഹാൻ. നിലവിൽ 1984 ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആക്ട് പ്രകാരം സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ മാത്രമാണ് ഗഹാൻ പദ്ധതി ഇപ്പോൾ ബാധകമാക്കിയിട്ടുള്ളത്. സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്വത്ത് പണയത്തിന്മേൽ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിലേയ്ക്കുമായി എല്ലാ ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളേയും ഗഹാൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഗഹാൻ സമ്പ്രദായവും പലിശയും തമ്മിൽ ബന്ധമില്ല.

114 (280) ഗഹാൻ സമ്പ്രദായം

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എം. ദാസൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് സ്വന്തം നിലയിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നല്കുന്ന ഗഹാൻ സമ്പ്രദായം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചുവോ; എങ്കിൽ എന്ന്;

(സി) ഈ സമ്പ്രദായത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗഹാൻ സമ്പ്രദായം സഹകരണ നിയമത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഗഹാൻ സമ്പ്രദായം പരീക്ഷണാർത്ഥം ഏതൊക്കെ സഹകരണ ബാങ്കുകളിലാണ് ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗഹാൻ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള അനുമതി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 29.10.99 ലെ കത്തു മുഖേനയാണ് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച വിവരം അറിയിച്ചിട്ടുള്ളത്.

(സി) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന പണയാധാരത്തിനുള്ള എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്നതും വായ്പക്കാരൻ രേഖാമൂലം എഴുതിക്കൊടുക്കുന്നതുമായ ഒരു സത്യവാങ്മൂലം (ഡിക്ലറേഷൻ) മുഖേന പണയവസ്തുവിൻമേൽ ഒരു സ്പെഷ്യൽ ചാർജ് ഉണ്ടാക്കി എടുക്കുന്ന സമ്പ്രദായമാണ് ഗഹാൻ. സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ ഒഴികെയുള്ള സഹകരണസംഘങ്ങളിൽ നിന്നും സ്വത്ത് പണയത്തിന്മേൽ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം കുറക്കുന്നതിലേക്കായി എല്ലാ ക്രെഡിറ്റ് സഹകരണസ്ഥാപനങ്ങളേയും 'ഗഹാൻ' പദ്ധതിയിൽ കൊണ്ടുവരികയെന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം.

(ഡി) ഉണ്ട്.

(ഇ) ഇത് സംബന്ധിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ പുതിയ വ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

(എഫ്) വായ്പാ സഹകരണസംഘങ്ങളിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

115 (281) സഹകരണവകുപ്പ് ഓഫീസ് സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ അധീനതയിൽ കോഴിക്കോട് ജില്ലയിലുള്ള പഴയ ഓഫീസ് കെട്ടിടവും റിക്കാർഡ് മുറിയും സംരക്ഷിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly